>> കവർസ്റ്റോറി

● മുഹമ്മദ് പാലത്ത്

# ബജറ്റും സമ്പദ്‌വ്യവസ്ഥയും

**'ബജറ്റ്** തെരഞ്ഞെടുപ്പിനു തൊട്ടു മുൻപാണെങ്കിൽ ജനപ്രിയമാവണം, ഉറച്ച സർക്കാറാണെങ്കിൽ ജനതാൽപര്യങ്ങൾക്ക് പുല്ലുവില' എന്ന ആക്ഷേപത്തിന് അടിവരയിടുന്നതാണ് ധനമന്ത്രി പി. ചിദംബരം അവതരിപ്പിച്ച യു.പി.എ സർക്കാറിന്റെ അവസാനത്തെ സമ്പൂർണ ബജറ്റ്. ഒരു വശത്ത് ജനപ്രിയ നാട്യങ്ങൾ കൊണ്ടലങ്കരിച്ചപ്പോഴും രാജ്യം തുടർന്നുവരുന്ന സാമ്പത്തിക പരിഷ്കരണ അജണ്ടകൾ പൂർവാധികം ശക്തിയോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളും ബജറ്റിലുണ്ടെന്നു കാണാം.

രാജ്യത്തിന്റെ ഒരു വർഷത്തേക്കുള്ള സാമ്പത്തിക രംഗത്തെ മുഴുവൻ അജണ്ടയും നയം മാറ്റങ്ങളും ബജറ്റിൽ പ്രതിഫലിക്കേണ്ടതാണ്. എന്നാൽ ജനപ്രിയ പദ്ധതികൾ മാത്രം പ്രഖ്യാപിച്ച് കൈയടി നേടിയ ശേഷം വിവാദമാവുന്ന നയങ്ങളും നയം മാറ്റങ്ങളും എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ നടപ്പാക്കുന്ന പ്രവണതയാണ് അടുത്തകാലത്തായി കണ്ടുവരുന്നത്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലക്കയറ്റം, വൻ ബാധ്യത വരുത്തിവെക്കുന്ന ശമ്പളപരിഷ്കരണ നടപടികൾ, ഇറക്കുമതി തീരുവയിലുണ്ടാവുന്ന മാറ്റങ്ങൾ തുടങ്ങി സാമ്പത്തിക നിലയെയും പൊതുജനത്തെയും കാര്യമായി ബാധിക്കുന്ന സുപ്രധാന തീരുമാനങ്ങൾ ബജറ്റിൽ ഇത്തവണയും ഉൾക്കൊള്ളിച്ചിട്ടില്ല. സാമ്പത്തിക ഉദാരീകരണത്തിന് ആക്കംകൂട്ടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതും ബജറ്റിനു പുറത്തു തന്നെ. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു ചടങ്ങായി ബജറ്റ് അവതരണം മാറിയിരിക്കുന്നു.

കഴിഞ്ഞ വർഷം സാമ്പത്തിക വളർച്ചാനിരക്ക് 9 ശതമാനം കടന്ന് റെക്കോർഡ് കൈവരിച്ചപ്പോൾ ആവേശത്തോടെയാണ് ധനമന്ത്രി ബജറ്റ് അവതരിപ്പിച്ചതെങ്കിൽ സാമ്പത്തിക വളർച്ച കുറഞ്ഞതിൽ മുൻകൂർ ജാമ്യമെടുത്താണ് ഇത്തവണ ചിദംബരം സഭയിൽ വന്നത്. ആഭ്യന്തര ദൗർബല്യമല്ല, അമേരിക്കയടക്കമുള്ള രാജ്യങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യമാണ് നമുക്കും വിനയായതെന്നാണ് വിശദീകരണം. സാമ്പത്തിക വളർച്ച രണ്ടക്കത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പുത്തൻ ഉദാര സാമ്പത്തിക നയങ്ങൾ വളർച്ചയെ താഴേക്കാണ് തള്ളിയതെന്നകാര്യം മറച്ചുവെച്ച് അമേരിക്കൻ സാമ്പത്തിക മാന്ദ്യത്തെ കുറ്റപ്പെടുത്തി തടിയൂരുകയാണ് ധനമന്ത്രി ചെയ്തത്. സാമ്പത്തിക തകർച്ചയുടെ കാരണങ്ങൾ യഥാവിധി കണ്ടെത്താനോ അവ പരിഹരിക്കാനോ ഉള്ള ശ്രമങ്ങൾ ബജറ്റിലില്ലെന്നു വ്യക്തം. മാത്രമല്ല, രാജ്യം നേരിടുന്ന സുപ്രധാന പ്രശ്നങ്ങളായ വിലക്കയറ്റം, കുറയുന്ന കാർഷിക വളർച്ച, ഭക്ഷ്യോൽപാദനത്തിലുണ്ടായ വൻ ഇടിവ്, പൊതുവിതരണ രംഗത്തെ പ്രതിസന്ധി, പണപ്പെരുപ്പം തുടങ്ങിയ വിഷയങ്ങളെ ബജറ്റ് കണ്ടില്ലെന്നു നടിക്കുന്നു.

കർഷകരുടെ കടങ്ങൾ എഴുതിത്തള്ളി കടക്കെണിയിൽനിന്ന് ഒരു പരിധിവരെ മോചിപ്പിക്കാനുള്ള ശ്രമമാണ് ഈ ബജറ്റിനെ ഏറെ ശ്രദ്ധേയമാക്കുന്നത്. എന്നാൽ കഴിഞ്ഞവർഷം പ്രഖ്യാപിച്ച കുറഞ്ഞ നിരക്കിലുള്ള വായ്പയടക്കം കർഷകർക്കായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളിൽ ഏറിയ പങ്കും യഥാർഥ കർഷകർക്ക് ലഭിക്കാറില്ല എന്നത് ഏവരും സമ്മതിക്കുന്ന യാഥാർഥ്യമാണ്. 40 ശതമാനത്തിനും ബാങ്ക് അക്കൗണ്ട് പോലുമില്ലാത്ത നമ്മുടെ ഗ്രാമീണ മേഖലയിൽ വായ്പ എഴുതിത്തള്ളുന്നതിന്റെ ആനുകൂല്യവും വൻകിട കൃഷിക്കാർക്ക് മാത്രമാവും. ഗ്രാമീണ കർഷകരിൽ ഏറിയപങ്കും കടമെടുക്കുന്നത് സ്വകാര്യ പണമിടപാടുകാരിൽനിന്നും വട്ടിപ്പലിശക്കാരിൽനിന്നുമാണ്. അത്തരം കടങ്ങളുടെ കൊള്ളപ്പലിശയാണ് അവരെ ആത്മഹത്യയിൽ എത്തിക്കുന്നത്. ഇത്തരം വായ്പകളിൽനിന്ന് കർഷകരെ രക്ഷിക്കാനോ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കാനോ ഒരു നീക്കവും ബജറ്റിൽ കാണുന്നില്ല. കാർഷിക രംഗത്തെ രക്ഷിക്കാൻ വിളകൾക്ക് ന്യായമായ വില ലഭ്യമാക്കുകയാണ് ഉചിതമായ നടപടി. വിള സംഭരണത്തിൽനിന്ന് സർക്കാർ പിന്മാറിയതോടെ ഈ രംഗം കൈയടക്കിയ സ്വകാര്യ കുത്തകകൾ കർഷകരിൽനിന്ന് ചുളുവിലയ്ക്ക് വിളകൾ അടിച്ചെടുക്കുകയും ഉയർന്ന വിലയ്ക്ക് മാർക്കറ്റിൽ വിൽക്കുകയുമാണെന്ന ആക്ഷേപവും നിലനിൽക്കുന്നു. ഇത്തരം കുത്തകകളെ നിയന്ത്രിക്കാനല്ല, ചെറുകിട വ്യാപാരരംഗത്ത് കുത്തകകളടക്കം വിദേശനിക്ഷേപത്തിന്റെ സാധ്യതകളാണ് ധനമന്ത്രി അന്വേഷിക്കുന്നത്.

രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ നേരിടുന്ന ഗുരുതരമായ ഭീഷണി മുന്നിൽകണ്ട് ഭക്ഷ്യോൽപാദനം വർധിപ്പിക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളേണ്ടിയി

രുന്നു. ആളോഹരി ഭക്ഷ്യോൽപാദനം സ്വാതന്ത്ര്യത്തിനുശേഷമുള്ള ഏറ്റവും കുറഞ്ഞ(ആളോഹരി 412 ഗ്രാം) നിരക്കിലേക്ക് താഴ്ന്നത് പരിഹരിക്കാൻ ഇറക്കുമതിയുടെ മാർഗം തേടാനാണ് ധനമന്ത്രിക്ക് താൽപര്യം. ജലസേചനത്തിന് സ്വകാര്യ പങ്കാളിത്തത്തോടെ കോർപറേഷൻ രൂപീകരിക്കാനുള്ള നീക്കം കാർഷിക രംഗത്ത് വൻകിട കുത്തകകൾക്ക് സ്വാധീനമുറപ്പിക്കാനുള്ള അവസരം തുറന്നു കൊടുക്കും. രണ്ടാം ഹരിത വിപ്ലവത്തിന് സാമ്പത്തിക സർവേയിൽ നടത്തിയ ആഹ്വാനവും കാർഷികരംഗം എങ്ങോട്ടാണ് എന്നതിന്റെ സൂചകമാണ്.

ആഗോളീകരണം മൂലം ആഭ്യന്തര വിപണിയും ലോകവിപണിയും തമ്മിലുണ്ടായ അഭേദ്യബന്ധമാണ് ലോക വിപണിയിലുണ്ടാവുന്ന സാമ്പത്തിക പ്രശ്നങ്ങൾ നമ്മെയും ബാധിക്കാൻ ഇടവരുത്തുന്നത്. ഇതുമൂലം ഓഹരി വിപണിയിലുണ്ടാവുന്ന ഉയർച്ച താഴ്ചകളും ഉൽപാദന, കയറ്റുമതി രംഗങ്ങളിലുണ്ടാവുന്ന തകർച്ചയും കൈയുംകെട്ടിനോക്കി നിൽക്കാനേ നമുക്കു കഴിയുന്നുള്ളൂ. വളർച്ചനിരക്ക് താഴേക്കുവരാനുള്ള കാരണങ്ങളിൽ മുഖ്യം ഇതാണെങ്കിലും ഇതേ നടപടികളുമായി മുന്നോട്ടു പോകുമെന്നാണ് ബജറ്റ് നൽകുന്ന സൂചന.

മുൻ വർഷങ്ങളിലെ പോലെ പലിശയടക്കാനാണ് ബജറ്റ് ചെലവിന്റെ ഏറ്റവും കൂടിയ വിഹിതം -21 ശതമാനം, രണ്ടു ലക്ഷം കോടിയിലേറെ രൂപ- നീക്കിവെച്ചിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചത് 19 ശതമാനമാണ്. അടിസ്ഥാന വികസനം ലക്ഷ്യംവെച്ചുള്ള പദ്ധതി വിഹിതത്തെക്കാൾ കൂടുതൽ തുക പലിശയടക്കാൻ ചെലവഴിക്കുന്നത് സമ്പദ്ഘടനയുടെ ദൗർബല്യം എടുത്തുകാട്ടുന്നു. ഇതിനായി കണ്ടെത്തുന്ന മൊത്തം വരുമാനത്തിന്റെ 14 ശതമാനവും വായ്പയിനത്തിലാണ്. 14 ശതമാനം കടംവാങ്ങി 21 ശതമാനം പലിശ നൽകുന്നു. സാമ്പത്തിക വളർച്ച ഉയർത്താൻ പലിശനിരക്ക് കുറക്കണമെന്ന ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ ചിദംബരത്തിന് അറിയില്ലെന്നുകരുതാനാവില്ല. ബാഹ്യസമ്മർദങ്ങളാൽ തയാറാക്കുന്ന ബജറ്റിൽ ഇത്രയൊക്കെയേ സാധ്യമാവൂ എന്നായിരിക്കും അദ്ദേഹത്തിന്റെ വീക്ഷണം. മുൻവർഷങ്ങളെപോലെ പ്രതിരോധമേഖലയുടെ ബജറ്റ് വിഹിതത്തിൽ ഇത്തവണയും വൻ വർധനവാണ് ഉണ്ടായത്. 96000 കോടിയിൽനിന്ന് 10 ശതമാനം വർധിപ്പിച്ച് 105600 കോടിയാക്കി. പ്രതിരോധച്ചെലവ് ഉൽപാദനപരമല്ല. അമേരിക്കയിൽനിന്നും ഇസ്രയേലിൽനിന്നും മറ്റും ആയുധങ്ങൾ വാങ്ങിക്കൂട്ടാനാണ് ഇതിൽ ഏറിയ പങ്കും ചെലവഴിക്കുക.

ആദായ നികുതി നിരക്കിൽ വരുത്തിയ ഇളവ് ഭൂരിഭാഗം വരുന്ന ഇടത്തരക്കാർക്കുണ്ടാക്കിയ നേട്ടം ആശ്വാസകരമാണ്. ഇത്തരമൊരിളവ് കഴിഞ്ഞ ബജറ്റിൽ തന്നെ പ്രതീക്ഷിച്ചതാണ്. നികുതി നിരക്ക് കുറച്ച് കൂടുതൽ നികുതിദായകരെ കണ്ടെത്തി വരുമാനം വർധിപ്പിക്കാനുള്ള ഈ ശ്രമം പ്രശംസനീയമാണ്. എന്നാൽ പെട്ടെന്ന് ലാഭം കൊയ്യുന്ന ഓഹരിവിപണിയിലെ ഊഹക്കച്ചവട മേഖലക്കോ റിയൽ എസ്റ്റേറ്റ് കച്ചവടങ്ങൾക്കോ വൻകിട വ്യവസായികൾക്കോ പുതുതായി ഒരു നികുതിയും ചുമത്തിയിട്ടില്ല. ഇവരെ നികുതി ഘടനക്ക് പുറത്തു നിർത്തുന്നത് നിക്ഷേപകരെ ആകർഷിക്കാനാവാം. എന്നാൽ പ്രധാന നികുതി സ്രോതസ്സാണ് ഇതെന്നകാര്യം കാണാതിരുന്നുകൂടാ.

വിദ്യാഭ്യാസ മേഖലക്ക് ബജറ്റിൽ അധികതുക വകയിരുത്തിയത് സ്വാഗതാർഹമാണ്. ആഭ്യന്തര ഉൽപാദനത്തിന്റെ 6 ശതമാനമെങ്കിലും വിദ്യാഭ്യാസത്തിന് നീക്കിവെക്കണമെന്ന നിർദേശം നേരത്തെത്തന്നെ നിലവിലുണ്ട്. യു.പി.എയുടെ പൊതുമിനിമം പരിപാടിയിലും ഇത് പ്രഖ്യാപിച്ചതാണ്. ഇക്കാലമത്രയും മൂന്നു ശതമാനമേ വിനിയോഗിച്ചിരുന്നുള്ളൂ. ഇതിൽ ചെറിയൊരു വർധനവാണ് ഇപ്പോഴുണ്ടായത്. 34400 കോടി രൂപ. എന്നാലും ഇത് ബജറ്റിന്റെ നാലു ശതമാനം വരില്ല. ഉന്നത വിദ്യാഭ്യാസ മേഖല വ്യാപിപ്പിക്കാനുള്ള തീരുമാനവും പ്രശംസനീയം തന്നെ.

പൊതുജനങ്ങൾ ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് വിലക്കയറ്റവും പണപ്പെരുപ്പവും. പൊതുവിതരണ ശൃംഖല കുറ്റമറ്റതാക്കുകയും ഭക്ഷ്യസബ്സിഡി വർധിപ്പിക്കുകയും ചെയ്താൽ ഭക്ഷ്യ വിലവർധന പിടിച്ചുനിർത്താനാവും. പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധനവാണ് മൊത്തം പണപ്പെരുപ്പത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന്. ഇത്തരം നടപടികളൊന്നും ബജറ്റിൽ ഉണ്ടായിട്ടില്ല. പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി നിജപ്പെടുത്താൻ പോലും നീക്കമുണ്ടായില്ല.

സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച ശേഷം രണ്ടാമത്തെ ബജറ്റാണെങ്കിലും ന്യൂനപക്ഷങ്ങളുടെ ഉയർച്ചക്കുള്ള കാര്യമായ നിർദേശങ്ങൾ ബജറ്റിലുണ്ടെന്നുപറയാനാവില്ല. ന്യൂനപക്ഷ കേന്ദ്രീകൃതമായ രാജ്യത്തെ 90 ജില്ലകളിൽ 3750 കോടി രൂപയുടെ പ്രത്യേകപദ്ധതി നടപ്പാക്കുമെന്നതാണ് ഇതിൽ എടുത്തു പറയാവുന്നത്. കേരളത്തിൽനിന്ന് വയനാട് ജില്ല മാത്രമാണ് ഇതിൽ ഉള്ളത് എന്നറിയുമ്പോൾതന്നെ ഇതിന്റെ പരിമിതി വ്യക്തമാണ്. 80 കോടി രൂപയുടെ സ്കോളർഷിപ്പും മദ്റസാ നവീകരണത്തിനുള്ള 45 കോടിയുടെ നീക്കിയിരിപ്പും പിന്നാക്കാവസ്ഥയുടെ തോതെടുക്കുമ്പോൾ നാമമാത്രം.

പദ്ധതി ചെലവിലുണ്ടായ നേരിയ വർധന സ്വാഗതാർഹമാണ്. ധനകമ്മിയും റവന്യൂകമ്മിയും ഏറെ ഉയർന്നിട്ടില്ല. എങ്കിലും അവഗണിക്കാനാവുന്ന തുകയുമല്ല. റവന്യൂകമ്മി 55184 കോടിയും ധനകമ്മി 133287 കോടിയുമാണ്. മൂലധന ചെലവ് കഴിഞ്ഞ വർഷത്തെ 120787 കോടിയിൽനിന്ന് 92765 കോടിയായി കുറച്ചിരിക്കുന്നു. പാലങ്ങൾ, തുറമുഖങ്ങൾ, റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനാണ് മൂലധന ച്ചെലവ് ഉപയോഗിക്കുന്നത്. ഇതിൽ കുറവുവരുത്തിയത് വളർച്ചയെ ദോഷകരമായി ബാധിക്കാതിരിക്കാൻ സ്വകാര്യമുതൽമുടക്കാണ് സർക്കാർ നിർദേശിക്കുന്ന പരിഹാരം. റോഡുകളും പാലങ്ങളും തുറമുഖങ്ങളും സ്വകാര്യ കമ്പനികളിൽ ബി.ഒ.ടി അടിസ്ഥാനത്തിലോ മറ്റോ നിർമിക്കണമെന്നാണ് പുതിയ നയം. പണമില്ലെന്ന കാരണം പറഞ്ഞ് രാജ്യത്തെ മുഴുവൻ നാഷ്നൽ ഹൈവേകളും സ്വകാര്യമേഖലക്ക് തീറെഴുതുന്ന കാര്യം നേരത്തേ ഉയർന്നുവന്നതാണ്.

ബജറ്റും തെരഞ്ഞെടുപ്പും തമ്മിലുള്ള അഭേദ്യബന്ധം ഈ ബജറ്റ് അവതരണത്തിലുണ്ട്. വരാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിലും സംസ്ഥാന തെരഞ്ഞെടുപ്പുകളിലും വിവിധ വിഭാഗങ്ങളുടെ വോട്ട് നേടിയെടുക്കാൻ വേണ്ടതിലേറെ പൊടിക്കൈകൾ ബജറ്റിലുണ്ട്. യഥാർഥത്തിൽ ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ ദൗർബല്യമായി വേണം ഇതിനെ കാണാൻ. തങ്ങൾക്ക് താൽക്കാലികാശ്വാസം നൽകുന്ന അപ്പക്കഷ്ണങ്ങൾക്ക് പിന്നാലെ പോവുന്ന രാഷ്ട്രീയക്കാർക്കോ പൊതുജനങ്ങൾക്കോ രാജ്യത്തിന്റെ ദീർഘകാലവികസനം മുന്നിൽകണ്ട് പദ്ധതികൾ തയാറാക്കുന്നതിൽ താല്പര്യമോ കാഴ്ചപ്പാടോ ഇല്ല. ഇതുതന്നെയാണ് രാജ്യം നേരിടുന്ന ദുരന്തവും. ■